ആസൂത്രിതമായ പദ്ധതി ഗവൺമെന്റ് ആസൂത്രണം ചെയ്യേണ്ടതുണ്ട്. അങ്ങനെ ആസൂത്രണം ചെയ്യേണ്ടതിന്റെ ഭാഗമായിട്ട് തമിഴ്നാടിന്റെയും ആന്ധ്രയുടെയും അനുഭവങ്ങൾ കൂടി കണക്കിലെടുത്തുകൊണ്ട് അതിന്റെ ഗുണമേൻമ വർദ്ധിപ്പിക്കണം. അതുപോലെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കാനാവശ്യമായ നിലപാടുകൾ ഗവൺമെന്റ് സ്വീകരിക്കുമോ? 2007-ഓടുകൂടി ഒരു ആനുകൂല്യവും കൊടുക്കാൻ പോകുന്നില്ല എന്നാണ് കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്. അത് ഡബ്ല്യു.റ്റി.ഒ.യുടെ ഭാഗമായിട്ടാണ്. വളരെ ഗൗരവമായിട്ടുള്ള പ്രശ്നമാണ് കേരളം അഭിമുഖീകരിക്കുന്നത്. അതിനാവശ്യമായ നിലപാട് സ്വീകരിക്കുമോ?

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ്: ഗവൺമെന്റ് ഇക്കാര്യം വളരെ ശ്രദ്ധാപൂർവ്വം നോക്കി കാണുകയാണ്. കഴിഞ്ഞ ആഴ്ച സംസ്ഥാന ഗവൺമെന്റിന്റെ കൈത്തറി ഡയറക്ടർ ആന്ധ്രയിലെയും തമിഴ്നാട്ടിലെയും സ്ഥാപനങ്ങളിലെ നൂതന ടെക്നോളജിയും ഫാഷൻ ഡിസൈനിംഗും എല്ലാം പഠിക്കാനായിട്ട് പോയി. അത് പഠിച്ച് ഇവിടെ നടപ്പിലാക്കാനുള്ള തീരുമാനമെടുത്തിട്ടുണ്ട്. അക്കാര്യത്തിൽ ഉടൻ തന്നെ നടപടിയുണ്ടാകും.

(2) മലബാറിലെ മലയോര-പിന്നോക്ക പ്രദേശങ്ങളിലെ സർക്കാർ എൽ.പി/യു. പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. മമ്മൂട്ടി: സർ, സമൂലമായ പരിവർത്തനം കൊണ്ടും ശക്തമായ പരിഷ്ക്കാരങ്ങൾ കൊണ്ടും കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെ ഹൈടെക് മേഖലയിലേക്ക് നയിക്കപ്പെടുന്ന ഈ കാലഘട്ടത്തിൽ വളരെ ദയനീയവും എന്നാൽ സമൂഹത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്നതുമായ ആദിവാസികളും തീരദേശ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികൾ അടക്കമുള്ള കേരളത്തിലെ പിന്നോക്ക പ്രദേശങ്ങളിലെ ആയിരക്കണക്കിന് കുട്ടികൾക്ക് പ്രാഥമിക വിദ്യാഭ്യാസം പോലും ലഭിക്കാനുള്ള സൗകര്യമില്ലാതെ കഷ്ടപ്പെടുന്ന ദയനീയമായ ചിത്രത്തിലേക്കാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കാൻ ഞാൻ ആഗ്രഹിക്കുന്നത്. ഭരണഘടനയുടെ 86-ാം ഭേദഗതി അനുസരിച്ച് മൗലീകാവകാശമായി പ്രാഥമിക വിദ്യാഭ്യാസം ഉൾപ്പെടുത്തിയിരിക്കുകയാണ്. 14 വയസ്സ് വരെയുള്ള എല്ലാ കുട്ടികൾക്കും വിദ്യാഭ്യാസം സൗജന്യമായി നൽകേണ്ടത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അതില്ലാതെ വരിക എന്നുപറയുന്നത് അവരുടെ സ്വാതന്ത്ര്യം നിഷേധിക്കുന്നതിന് തുല്യമാണ്. ഇത് ഗവൺമെന്റിന്റെ ഔദാര്യമല്ല. ഇവിടുത്തെ കുട്ടികളുടെ അവകാശമാണ്. അതുകൊണ്ടുതന്നെ കേരളത്തിലെ എൽ.പി. സ്കൂളുകളും യു.പി. സ്കൂളുകളും അടക്കമുള്ള എല്ലാ സ്കൂളുകളിലും പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ ഉറപ്പുവരുത്തണം. ആ ബാദ്ധ്യതയും ഉത്തരവാദിത്വവും ഗവൺമെന്റ് ഏറ്റെടുത്ത് നടപ്പിലാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് മലയോര പിന്നോക്ക പ്രദേശങ്ങളിലാണ്. പ്രത്യേകിച്ച് മലബാറിലെ എല്ലാ ജില്ലകളിലും. ആദിവാസി പിന്നോക്ക മേഖലകളിലും ഇത് ബാധിച്ചിട്ടുണ്ട്. 2002-ൽ വന്ന 86-ാം ഭരണഘടന

LIBRARY ARCHIVES Kerala Legislative Assembly

ഭേദഗതി അനുസരിച്ച്, 21(എ) അതിൽ പറയുന്നത് "State shall provide free an compulsory education to all children of the age of 6 to 14 years in such manner as the State may by law determine". നേരത്തെ ആർട്ടിക്കിൾ 4 അനുസരിച്ച് അതിനുള്ള സൗകര്യം ഒരുക്കണമെന്നാണ് പറഞ്ഞതെങ്കിൽ 35 കിലോമീറ്റ സഞ്ചരിച്ച് ഹൈസ്ക്കൂളിൽ പോകേണ്ട സ്ഥിതിയാണ് ഇന്നും കേരളത്തിലെ വയനാ ജില്ലയിലുള്ളത്. 600-ലേറെ കുട്ടികൾ യു.പി. സ്ക്കൂളിൽ പഠിക്കുന്ന പേര്യ എന്ന പ്രദേശത്തെ സ്ക്കൂളിൽ നാൽപ്പത് ശതമാനത്തോളം ആദിവാസികളാണ് പഠിക്കുന്നത് അവർ 35 കിലോമീറ്റർ സഞ്ചരിച്ചാണ് തലപ്പുഴ ഗവൺമെന്റ് സ്ക്കൂളിൽ എത്തുന്നത് ഇവിടെ സൗജന്യമായും വിദ്യാഭ്യാസം കൊടുക്കണമെന്ന് പറയുമ്പോൾ 35 കിലോമീറ്റ വനപ്രദേശത്തിലൂടെ സഞ്ചരിച്ച് ഹൈസ്ക്കൂളിൽ എത്തേണ്ട അവസ്ഥാവിശേഷ വിദ്യാഭ്യാസമന്ത്രി ഗൗരവമായി കാണണം. ഇത് പ്രാഥമിക വിദ്യാഭ്യാസത്തിന വേണ്ടിയാണ്. 600 കുട്ടികൾ അവിടെ പഠിക്കുന്നുണ്ട്. അതുപോലെതന്നെ വയനാട് ജില്ലയിലെ വനപ്രദേശങ്ങളായ തിരുനെല്ലി, ആദിവാസികൾ പഠിക്കുന്ന പ്രദേശമാണ് കുഞ്ഞോം, കെല്ലൂർ, പള്ളിക്കൽ, മലയോര മേഖലകൾ, കോഴിക്കോട് ജില്ലയിലെ എടവ മണ്ഡലം അടക്കമുള്ള തലപ്പെരുമണ്ണ, കളരാന്തിരി പ്രദേശങ്ങളിലെ സ്ക്കൂളുകൾ അടക്കം മലപ്പുറം ജില്ലയിലെ തീരദേശ മേഖലകൾ എന്നുവേണ്ട ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ജില്ലയായ മലപ്പുറം ജില്ലയിൽ ഹൈസ്ക്കൂൾ ഇല്ലാത്ത പഞ്ചായത്തുണ്ട്. പൊൻമുണ്ടം പഞ്ചായത്ത്. അവിടെ ഹൈസ്ക്കൂളില്ല. അവിടെയുള്ള കുട്ടികൾ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് ഒട്ടേറെ കിലോമീറ്ററുകൾ സഞ്ചരിക്കേണ്ടിയിരിക്കുന്നു. 800 കുട്ടികൾ പഠിക്കുന്ന യു.പി. സ്ക്കൂളും ഹൈസ്ക്കൂളായി ഉയർത്തണമെന്ന് 10 - 20 വർഷമായി ആവശ്യപ്പെടുകയാണ്. ഇതുവരെ അത് നടന്നിട്ടില്ല. എല്ലാ ജില്ലകളിലും അത്യാവശ്യമായ മേഖലകൾ ഇതുപോലെയുണ്ട്. പാലക്കാട് ജില്ലയിലെ കുടിയേറ്റ ആദിവാസി മേഖലയിലെ തൃത്താല, അതുപോലെ തന്നെ കണ്ണൂർ, ഇടുക്കി ജില്ലപോലെയുള്ള ബോർഡർ ജില്ലകളിൽപ്പെട്ട പ്രദേശങ്ങളിൽ ഭാഷാ ന്യൂനപക്ഷങ്ങൾക്ക് സ്ക്കൂളുകളിൽ പഠിക്കാൻ സൗകര്യമില്ല. എന്തിനധികം ഈ പ്രദേശങ്ങളിലൊക്കെ മൈലുകൾ താണ്ടിയിട്ടുവേണം യു.പി. സ്ക്കൂൾ വിദ്യാഭ്യാസം പോലും നേടാൻ എന്നു പറയുമ്പോൾ എൽ. പി. സ്ക്കൂൾ കുട്ടികളുടെ പ്രയാസം എത്രയാണ്. യു. പി. സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് 12 വയസാണ്. ഇതുകൊണ്ടുണ്ടാകുന്ന പ്രധാനപ്പെട്ട വിഷയം എൽ. പി. സ്ക്കൂളിൽ പഠിക്കുന്ന കുട്ടികൾ യു. പി. സ്ക്കൂളിൽ എത്തുമ്പോൾ drop outs ആകുന്നു. കഴിഞ്ഞ 2004-ലെ കണക്കനുസരിച്ച് ജനറലായ drop outs 1.6 ശതമാനമാണ്. അതിൽ എസ്.സി./ എസ്.ടി. 3.64 ശതമാനവും 4.66 ശതമാനവുമാണ്. എന്നാൽ അത് മലബാർ മേഖലയിൽ 30 ശതമാനം ആദിവാസികൾ drop outs ഉണ്ടാകുന്നുവെന്നു വയനാട് ജില്ലാ പഞ്ചായത്തിന്റെ ഏറ്റവും ഒടുവിൽ നടന്ന ഒരു പഠനം തെളിയിക്കുന്നു. മലബാർ മേഖലയിൽ എസ്. സി./എസ്. ടി. വിഭാഗം 30 ശതമാനം drop outs ഉണ്ടെന്നു പറയുന്നു. അവിടെ ഇപ്പോൾ ഏകാംഗ വിദ്യാലയമായിട്ട് 56 സ്ക്കൂൾ തുടങ്ങിയിട്ടുണ്ട് എസ്. എസ്. എ. പദ്ധതിയുടെ ഭാഗമായിട്ട്. ഞാൻ പറഞ്ഞു വരുന്നത് ഇങ്ങനെ ഏറ്റവും അനിവാര്യമായ പ്രദേശങ്ങളിൽ സ്ക്കൂൾ അനുവദിക്കാത്തതുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാനുള്ള മൗലികമായ അവകാശം

LIBRARY ARCHIVES Kerala Legislative Assembly

നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ, അത്തരം പ്രദേശങ്ങളിൽ, കേരളത്തിലെ 14 വയസു വരെ പ്രായമുള്ള എല്ലാവർക്കും വിദ്യാഭ്യാസം സൗജന്യമായി ഉറപ്പുവരുത്തണ മെന്നു ഭരണഘടന പറഞ്ഞതുകൊണ്ട് കേരളത്തിൽ ആവശ്യമുള്ള എല്ലാ മേഖലയി ലെയും എൽ. പി. സ്ക്കൂളുകൾ ഹൈസ്ക്കൂളുകളായി ഉയർത്തുന്നതിനുവേണ്ട നടപടി യാണ് ബഹുമാനപ്പെട്ട മന്ത്രി സ്വീകരിക്കേണ്ടത് എന്നാണ്. എന്റെ നിയോജകമണ്ഡ ലത്തിലെ 3000 കുട്ടികൾ പഠിക്കുന്ന ഏറ്റവും വലിയ ഹൈസ്ക്കൂളായ കൊടുവള്ളി ഹൈസ്കൂൾ ബൈഫർക്കേറ്റ് ചെയ്ത് കരുവംപൊയിലിലെ യു. പി. സ്ക്കൂൾ അപ്ഗ്രഡ് ചെയ്തു. അവിടെ ഇപ്പോൾ ഹൈസ്ക്കൂൾ വിഭാഗത്തിൽ മാത്രം അഞ്ഞൂറിൽ പിലാനം കുട്ടികളുണ്ട്. അവരെ പഠിപ്പിക്കാൻ അദ്ധ്യാപകരില്ല. ഫൈനാൻസിന്റെ പുവപ്പുനാടയിൽപ്പെട്ട് മാസങ്ങളായി കെട്ടിക്കിടക്കുന്ന അവിടെ പി. ടി. എ. കമ്മിറ്റി യാണ് ശമ്പളം കൊടുത്തു പഠിപ്പിക്കുന്നത്. ഇത് ഗൗരവമായി പരിശോധിക്കണം. വയ നാട് ജില്ലയിലെ തരുവണ യു. പി. സ്ക്കൂൾ വെള്ളമുണ്ട ഗവൺമെന്റ് മോഡൽ ഹൈസ്ക്കൂൾ ബൈഫർക്കേറ്റ് ചെയ്ത് തരുവണ ഗവൺമെന്റ് യു. പി. സ്ക്കൂളിൽ അവിടെ ഹൈസ്ക്കൂളിന്റെ ബ്രാഞ്ച് തുടങ്ങി. അവിടെയും സ്ഥിതി ഇതുതന്നെ. ഒരു പ്രധാന അദ്ധ്യാപകൻ, ഒരു ഹെഡ്മാസ്റ്റർ ഉണ്ടെങ്കിൽ അത് സ്വതന്ത്ര ഹൈസ്ക്കൂളായി പ്രവർത്തിപ്പിക്കാൻ സാധിക്കും. അവിടെയും കെട്ടിട സൗകര്യം അടക്കം എല്ലാ സൗകര്യവുമുണ്ട്. അവിടെ ആവശ്യത്തിലേറെ കുട്ടികൾ ഉണ്ട് പഠിക്കാൻ, പക്ഷെ അദ്ധ്യാപകരെ നിയമിച്ചു കൊടുക്കുന്നില്ല. എനിക്ക് പറയാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കാനുള്ളത്, കേരളത്തിലെ മലബാർ മേഖല പ്രത്യേകിച്ച് എടുത്ത് പറയാൻ കാരണം അവിടെ സ്വകാര്യ സ്ക്കൂളുകൾ കുറവാണ്. ഗവൺമെന്റ് സ്ക്കൂളുകൾ മാത്രമെയുള്ളു. ഗവൺമെന്റ് സ്ക്കൂളുകളെക്കുറിച്ചല്ലാതെ സ്വകാര്യ മേഖലയെക്കുറിച്ച് പറയുന്നില്ല. അവിടെയുള്ള സ്ക്കൂളുകളിൽ പ്രാഥമിക വിദ്യാ ഭ്യാസം നേടാനുള്ള അവകാശമെങ്കിലും മൗലികമായി ഭരണഘടന വകവച്ചു കൊടുത്തി ട്ടുള്ളത് ഗൗരവമായി കാണുകയും ഈ അദ്ധ്യയന വർഷം തന്നെ ശക്തമായ നടപടി സ്വീകരിച്ചുകൊണ്ട് കാസർഗോഡ് ജില്ല മുതൽ മലബാർ മേഖലയിലെ ആവശ്യമായ എല്ലാ മേഖലകളിലും സ്ക്കൂളുകൾ അപ്ഗ്രഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരി ക്കണം. ഈ പ്രദേശങ്ങളിലെ എല്ലാ ഗവൺമെന്റ് എൽ. പി. സ്ക്കൂളുകളും ഹൈസ്ക്കൂ ളുകളായി ഉയർത്തുന്നതിന് ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ): സർ, വളരെ പ്രധാനപ്പെട്ട ചില കാര്യങ്ങളാണ് എന്റെ സ്നേഹിതൻ ശ്രീ. മമ്മൂട്ടി ഇവിടെ ചൂണ്ടിക്കാണിച്ചത്. വളരെ ശക്തമായിട്ട് അദ്ദേഹം ഇവിടെ അവതരിപ്പിക്കുകയും ചെയ്തു. ഒരു പക്ഷേ അദ്ദേഹത്തെ പൂർണ്ണമായിട്ട് തൃപ്തിപ്പെടുത്തുന്ന വിധത്തിൽ ഒരു മറുപടി പറയാൻ എനിക്ക് പ്രയാസമുണ്ടെന്ന് ആദ്യമായിട്ട് പറയുകയാണ്. സഭയിലെ എല്ലാവരുടെയും വികാരമാണ് അദ്ദേഹം പറഞ്ഞത്. അത്യാവശ്യം സ്ക്കൂളുകൾ അപ്ഗ്രഡ് ചെയ്യണമെന്നുള്ളതിനോട് യോജിപ്പില്ലാത്തവർ ആരും ഉണ്ടാ വുകയില്ലല്ലോ. ഗവൺമെന്റിന്റെ മുമ്പിലുള്ള ഒരു സംഗതി ഇതെല്ലാം സത്യമാണ്. പക്ഷേ അപ്രതീക്ഷിതമായി വന്നു ചേർന്ന, അപ്രതീക്ഷിതമെന്നല്ല പ്ലസ് ടു

LIBRARY ARCHIVES Kerala Legislative Assembly

ടീച്ചേഴ്സിന്റെ രണ്ട് മൂന്നു കൊല്ലത്തെ ശമ്പളം കൊടുക്കാതെ നിർത്തിവച്ചിരുന്നു. അത് ഈ ഗവൺമെന്റ് വന്നപ്പോൾ കൊടുക്കേണ്ടി വന്നു. ഏതാണ്ട് 250 റ്റെയും 300 കോടിയുടെയും ഇടയിലാണ് ബാധ്യത വന്നുപെട്ടത്. എന്ത് ചെയ്യാൻ ഒക്കും. 4 ലാബ് അസിസ്റ്റന്റുമാർ ശമ്പളം കിട്ടാതെ നിൽക്കുകയായിരുന്നു കൊല്ലങ്ങളോളം. ഈ ഗവൺമെന്റ് വന്നശേഷം അവർക്ക് മുഴുവൻ അപ്രൂവൽ കൊടുത്തു. ഞാൻ വന്നതിനുശേഷമുള്ളതാണ്. അങ്ങനെ വന്ന സാഹചര്യത്തിൽ എന്തെല്ലാം ആഗ്രഹം ഉണ്ടെങ്കിലും ചെയ്യാൻ പറ്റാത്ത ഒരു സ്ഥിതി ഇപ്പോഴുണ്ട്. ഞാൻ പറയുന്നത് തീരെ വേണ്ടെന്നല്ല. അദ്ദേഹം ഇവിടെ കാളിംഗ് അറ്റൻഷൻ തന്നപ്പോൾ ഞാൻ കണക്ക് നോക്കി. മലബാർ ജില്ലകളിലാണെന്നാണ് അദ്ദേഹം പറഞ്ഞത്. ഇപ്പോൾ പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, വയനാട്, കാസർഗോഡ് ജില്ലകൾ മാത്രം എടുത്തു നോക്കുകയാണെങ്കിൽ അവിടെ 5675 സ്ക്കൂളുകൾ ഉണ്ട്. എൽ. പി., യു. പി., ഹൈസ്ക്കൂൾ. അവിടെ പഠിക്കുന്ന കുട്ടികളുടെ എണ്ണം ആകട്ടെ 23,93,355. ഇപ്പോൾ ശ്രീ. മമ്മൂട്ടി ചൂണ്ടിക്കാണിച്ചതുപോലെ ചില സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യേണ്ട കാര്യമുണ്ട്. പക്ഷേ ഞാൻ ഈ പറഞ്ഞതുപോലെയുള്ള സാഹചര്യം നിലനിൽക്കുന്നതുകൊണ്ട് പെട്ടെന്ന് ഒരു കമിറ്റ്മെന്റ് പറയാൻ എനിക്ക് പ്രയാസമുണ്ട്. പക്ഷേ ഗവൺമെന്റ് ഈ കാര്യം ഗൗരവമായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. പിന്നോക്കം നിൽക്കുന്ന പ്രദേശങ്ങൾ അതുപോലെതന്നെ പിന്നോക്കം നിൽക്കുന്ന ഈ വിഭാഗങ്ങളുടെയൊക്കെ കാര്യത്തിൽ ഗൗരവമായിട്ടുള്ള ഒരു പരിഗണന വേണമെന്ന് ഗവൺമെന്റിന് ആഗ്രഹമുണ്ട്.

മി. സ്പീക്കർ : മിനിസ്റ്റർ ഒരു കാര്യം, പ്രൈമറി സ്ക്കൂൾ, അഞ്ചാംക്ലാസുവരെയുള്ള ചില സ്ക്കൂളുകൾ ഉണ്ട്. യു. പി. യും അല്ല. എൽ. പി. യും അല്ല.

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : അഞ്ചാം ക്ലാസ് എൽ. പി. സ്കൂളിന്റെ കൂടെ പെട്ടുപോയിട്ടുള്ള സ്ക്കൂളിന്റെ കണക്ക് എടുത്തു നോക്കുന്ന സമയത്ത് 300 സ്ക്കൂളുകളോളം ഉണ്ട്. അപ്പോൾ ഗവൺമെന്റ് ഇക്കാര്യം എങ്ങനെയെങ്കിലും ചെയ്യാൻ തന്നെയാണ് ആഗ്രഹിക്കുന്നത്. ഇങ്ങനെ ചെയ്യുന്ന സമയത്തുള്ള ഒരു സംഗതി, ഞാൻ ആദ്യമെ പറയാൻ ആഗ്രഹിക്കുന്നത് സഭയിൽ ഒരു കാര്യം പറയുമ്പോൾ ഗവൺമെൻറിന്റെ ചിന്തയിൽ ഉള്ളത് എന്താണെന്ന് ആദ്യം പറയാം. ഗവൺമെന്റ് ഒരു പ്രയോറിറ്റി സെക്ടർ, ഫസ്റ്റ് പ്രയോറിറ്റി - സ്പെഷ്യൽ സ്ക്കൂളുകൾ അതായത് അന്ധ-ബധിര-മൂക-എം. ആർ. സ്ക്കൂളുകൾ, ഇതിന്റെ കാര്യത്തിൽ എന്തെങ്കിലും ചെയ്യണമെന്ന് ഗവൺമെന്റിന് വലിയ ആഗ്രഹമുണ്ട്. അങ്ങ് തന്നെ അവിടെ താല്പര്യമെടുത്തതാണ്. എന്തെങ്കിലും വരുമാനം സർക്കാരിന്റെ കൈയിൽ ഉണ്ടാവുകയാണെങ്കിൽ ഫസ്റ്റ് പ്രയോറിറ്റി സ്പെഷ്യൽ സ്ക്കൂളുകൾ, എം. ആർ. സ്ക്കൂൾ, അന്ധ-ബധിര സ്ക്കൂളുകൾ ഇതിനൊക്കെ കൊടുക്കും. അതുകഴിഞ്ഞാൽ പിന്നെ ഗവൺമെൻറ് സ്ക്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിനുതന്നെയാണ് ആഗ്രഹിക്കുന്നത്. അതിപ്പോൾ തീരെ പ്രതീക്ഷ കൈവിടേണ്ട കാര്യമില്ല. യു. പി. എ. ഗവൺമെന്റ് പുതിയ പദ്ധതി പ്രകാരം അവരുതന്നെ പിന്നോക്ക വിഭാഗങ്ങൾക്കും മറ്റും ചില വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുന്നതിനെ സംബന്ധിച്ച തീരുമാനങ്ങൾ പത്രത്തിൽ വായിക്കാൻ ഇടയായി. അത് ലഭിക്കുകയാണെങ്കിൽത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ചിലത് ചെയ്യാൻ പറ്റും. അടുത്ത പ്രാവശ്യം എസ്. എസ്. എ. പ്രോജക്ട് കൊടുക്കുന്ന സമയത്ത്, ഇപ്പോൾ സ്ക്കൂളുകൾക്കാണ് അത് ബാധകമായിട്ടുള്ളത്. എസ്. എസ്. എ. യുടെ പദ്ധതി പ്രകാരം തന്നെ നമുക്ക് ഇത്തരം മേഖലകളിൽ കുറച്ചുകൂടി, യു. പി. യിലേയ്ക്കുകൂടി അത് എക്സ്റ്റന്റ് ചെയ്യാൻ പറ്റുമോ എന്ന് പ്രോജക്ട് റിപ്പോർട്ട് കൊടുക്കുന്ന സമയത്ത് ആലോചിക്കേണ്ട കാര്യമാണ്. അതുപോലെതന്നെ ഏതിയ ഇന്റൻസീവ് സ്ക്കീം ഉണ്ട്. അത് ബാക്ക്വേർഡ് മൈനോറിട്ടീസിനുള്ളതാണ്. അതിൽ പുതിയ സ്ക്കൂളുകൾ കിട്ടാൻവേണ്ടിയുള്ള പരിശ്രമം ചെയ്യുന്നുണ്ട്. ഇതിൽ വിചിത്രമായ കാര്യം എന്നു പറയുന്നത് യു. ജി. സി. ഇന്ത്യയിലെ പിന്നോക്കം നിൽക്കുന്ന ജില്ലകൾ ഐഡന്റിഫൈ ചെയ്തു. അതിൽ കേരളമേയില്ല. മൈസൂർ അടക്കമുണ്ട്. വിദ്യാഭ്യാസ മന്ത്രിമാരുടെ യോഗത്തിൽ ഞാൻ അത് പറഞ്ഞു. പാർലമെന്ററി കമ്മിറ്റി വന്നപ്പോൾ ഞാൻ പറഞ്ഞിരുന്നു. പ്ലാനിംഗ് കമ്മീഷന്റെ ഒരു കണക്ക് പ്രകാരം കേരളം വിദ്യാഭ്യാസ പിന്നോക്കാവസ്ഥയുള്ള ജില്ലയല്ലന്നാണ് അവരുടെ കണക്കുകൂട്ടൽ. അതുകൊണ്ട് കേരളത്തോട് എടുത്ത ഈ മാനദണ്ഡം തെറ്റാണെന്നും കേരളത്തെ അതിൽ ഉൾപ്പെടുത്തണമെന്നും പറഞ്ഞു. അങ്ങനെയാണെങ്കിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് യു. ജി. സി. അസിസ്റ്റൻസ് ഉറപ്പു വരുത്തിക്കൊണ്ട് നമുക്ക് ചില കാര്യങ്ങൾ അവിടെയുള്ള കോളേജുകളുടെയും മറ്റും കാര്യത്തിൽ ചെയ്യാൻ സാധിക്കുമെന്നുള്ളതാണ്. ഇതിന്റെയൊക്കെ ഇടയിലാണ് പന്ത്രണ്ടാം ധനകാര്യകമ്മീഷന്റെ ശുപാർശ പ്രകാരം കേരളത്തിന് വിദ്യാഭ്യാസത്തിലും ആരോഗ്യത്തിലും ഇനി കൂടുതൽ സഹായം ചെയ്യില്ലെന്ന ഒരു സമീപനം കേന്ദ്ര ഗവൺമെന്റ് എടുക്കാൻ പോകുന്നതായിട്ട് മനസ്സിലാക്കിയത്. ഞങ്ങൾ അതു സംബന്ധിച്ച് വളരെ ഗൗരവമായിട്ട് എടുത്തു. പ്രധാനമന്ത്രി ഇവിടെ വന്ന സമയത്ത് ഇക്കാര്യത്തെപ്പറ്റി സംസാരിച്ചു. പാർലമെന്റ് ഡെലിഗേഷന്റെ മുമ്പിലും ഈ കാര്യം പറഞ്ഞിട്ടുണ്ട്. ആ നിലയിൽ നമ്മൾ ആവശ്യമായ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഏതായിരുന്നാലും ശ്രീ. മമ്മൂട്ടി ഇവിടെ ചൂണ്ടിക്കാണിച്ച കാര്യത്തിന്റെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുകയാണ്. സാമ്പത്തികം അല്പമെങ്കിലും മെച്ചപ്പെടുന്ന ഘട്ടത്തിൽ ഈ കാര്യം പരിഗണിക്കാം. പരിഗണിക്കുന്ന സമയത്ത് ഇതുപോലുള്ള സ്ഥലങ്ങൾ തീർച്ചയായും അതിന് വലിയ പ്രാമുഖ്യം തന്നെ കൊടുക്കുമെന്നു മാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. സി. മമ്മൂട്ടി : സർ, സാമ്പത്തികമായി മെച്ചപ്പെടും എന്നു പറഞ്ഞ് ഗവൺമെന്റിന് ഒഴിഞ്ഞുമാറാൻ സാധ്യമല്ല. ഇത് ഭരണഘടനയിലെ മൗലികമായ അവകാശമാണ്. പ്രാഥമികമായ വിദ്യാഭ്യാസം മൗലികമായ അവകാശമാണ്. പ്രാഥമികമായ അവകാശത്തിൽ നിന്നു ഗവൺമെന്റിന് പിന്നോട്ട് പോകാൻ സാധ്യമല്ല. ഭരണഘടന ഡ്യൂട്ടി നിർവ്വഹിക്കണം. അതുകൊണ്ട് ഈ വരുന്ന അദ്ധ്യയന വർഷത്തിലെങ്കിലും ഈ പ്രാഥമിക വിദ്യാഭ്യാസ സൗകര്യം ഇല്ലാത്ത പ്രദേശങ്ങളിൽ എൽ. പി. സ്ക്കൂൾ അപ്ഗ്രേഡ് ചെയ്യുന്ന നടപടി മന്ത്രി സ്വീകരിച്ചേ പറ്റൂ. ഹൈടെക് യുഗത്തിലേയ്ക്ക് എത്തിയെന്നു പറഞ്ഞിട്ട് എന്തു കാര്യം? ഒരു പ്രദേശത്തിലെ 30 ശതമാനം കുട്ടികൾ drop outs ആയി പിന്നോട്ട് പോകുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

ഹൈടെക് യുഗത്തിലേയ്ക്ക്, കേരളത്തെ നമ്മൾ ഉന്നതമായ രംഗത്തേയ്ക്ക് നയിച്ചിട്ട് പ്രാഥമിക വിദ്യാഭ്യാസം കൊടുക്കാൻ കഴിയാതെ മുന്നോട്ട് പോയിട്ട് എന്തുകാര്യം? അതുകൊണ്ട് ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയടക്കം ഞാൻ ശ്രദ്ധ ക്ഷണിക്കുകയാണ്. ഇക്കാര്യത്തിൽ സാമ്പത്തികമായി കുഴപ്പമാണെന്നു പറഞ്ഞ് ഒഴിഞ്ഞുമാറാൻ കഴിയുകയില്ല. കാരണം പ്രാഥമിക വിദ്യാഭ്യാസം ലഭിക്കാതെ കഷ്ടപ്പെടുന്ന കുട്ടികൾക്ക് ഭരണഘടന നൽകുന്ന മൗലികാവകാശം നൽകണം. ഗവൺമെന്റിന്റെ ഔദാര്യം വേണ്ട. ഈ അവകാശം അനുസരിച്ച് ഈ അദ്ധ്യയന വർഷം തന്നെ ആവശ്യമായ സ്ഥലങ്ങളിൽ നിർബന്ധമായും അത് അപ്ഗ്രേഡ് ചെയ്യുന്ന നടപടി സ്വീകരിക്കുമോ?

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ : സർ, ഇതിനുവേണ്ടിയുള്ള പരിശ്രമം ഗവൺമെൻറ് തീർച്ചയായിട്ടും ചെയ്യും. ചെയ്യുന്ന സമയത്ത് ശ്രീ. മമ്മൂട്ടി ഇവിടെ പ്രകടിപ്പിച്ച വികാരം, എല്ലാവരും പറഞ്ഞ വികാരം ഗവൺമെന്റ് കണക്കിലെടുക്കും.

III. സബ്മിഷൻ

(1) അഷ്റഫ് എന്ന ആളിന്റെ കൊലപാതകം

പ്രതിപക്ഷനേതാവ് (ശ്രീ. വി. എസ്. അച്ചുതാനന്ദൻ) : നാടിനെ നടുക്കിയ, ചാരുംമൂട് കടവിനാൽ ജുമാമസ്ജിദിന്റെ നേരെ ഒരു ആക്രമണം നടക്കുകയും അഷറഫ് എന്നു പറയുന്ന യുവാവ് ആക്രമണത്തിൽ മരണപ്പെടുകയും
10 A.M.] ചെയ്തു. അതിലെ പ്രധാന പ്രതികളെ ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. അതിൽ അന്വേഷണം കുറച്ചുകൂടി സീരിയസ്സായി നടത്തിക്കൊണ്ട് പോകുകയും പ്രധാന പ്രതികളെ ഉടൻതന്നെ അറസ്റ്റു ചെയ്ത് കസ്റ്റഡിയിൽ എടുത്ത് കേസ് ഗൗരവമായി കൈകാര്യം ചെയ്യുകയും ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് കൂടുതൽ താല്പര്യപൂർവ്വമുള്ള നിലപാട് സ്വീകരിക്കണമെന്ന് ഞാൻ ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ അനാഥമായ കുടുംബത്തിൽ രണ്ടു കുട്ടികളും ചെറുപ്പക്കാരിയായ ഒരു ഭാര്യയുമാണുള്ളത്. ഏതെങ്കിലും തരത്തിൽ ഒരു തൊഴിൽ ആ കുടുംബത്തിനു നൽകാൻ കഴിഞ്ഞാൽ വലിയ ഉപകാരമായിരിക്കും. അതുപോലെതന്നെ പള്ളിയുടെ ഒട്ടേറെ ഭാഗങ്ങൾ തല്ലിത്തകർത്തിരിക്കുകയാണ്. അതിന്റെ റിപ്പയർ പണിക്കും ആവശ്യമായിട്ടുള്ള നടപടികൾ ഗവൺമെന്റ് അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്. ആ നാട്ടിലെ ന്യൂനപക്ഷ ജനവിഭാഗത്തിന്റെ നേരെ ഉണ്ടായിട്ടുള്ള ഈ ആക്രമണം ഫലപ്രദമായിട്ടുള്ള നിലയിൽ കൈകാര്യം ചെയ്തുകൊണ്ട്, വർഗ്ഗീയമായ വികാരം ഇളക്കി വിടുന്നതിന് ആർ. എസ്. എസ്സിന്റെ ഈ ഭീകരമായ ആക്രമണം അവസരം ഉണ്ടാക്കിയിട്ടുണ്ട്. അവിടെയുള്ള ജനങ്ങൾ വളരെ ശക്തമായി മതസൗഹാർദ്ദത്തിന്റെ സന്ദേശം പ്രചരിപ്പിച്ചുകൊണ്ടുള്ള ഒരു നിലപാടു സ്വീകരിച്ചതുകൊണ്ട് ആ തരത്തിലുള്ള വികാരങ്ങൾ അവിടെ ഇളക്കിവിടാൻ കഴിഞ്ഞിട്ടില്ല. ബോധപൂർവ്വമായ, അപ്രതീക്ഷിതമായ ഒരു ആക്രമണമാണ് അവിടെ നടന്നിട്ടുള്ളത്. അതു സംബന്ധിച്ച് ഗവൺമെന്റ് കൂടുതൽ സീരിയസ്സായി കൈകാര്യം ചെയ്യണം. ഏതാണ്ട് പത്ത് ഇരുപത് ആളുകൾ ചേർന്ന് സംഘടിതമായി നടത്തിയ ആക്രമണമാണ്. മൂന്നു നാല് ആളുകളെ മാത്രമാണ് അറസ്റ്റിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly